**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **03-02-2026 - ൽ മറുപടിയ്ക്ക്**

**എന്റെ ഭൂമി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എന്റെ ഭൂമി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ വില്ലേജുകളുടെ പട്ടിക ലഭ്യമാക്കാമോ; | (എ) | എന്റെ ഭൂമി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ വില്ലേജുകളുടെ പട്ടിക അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഡിജിറ്റൽ സർവേയ്ക്കായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഏതെല്ലാമാണെന്നും അവയുടെ സവിശേഷതകളും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഡിജിറ്റൽ സർവേ പദ്ധതിയ്ക്കായി Continuously Operating Reference Station (CORS) സിസ്റ്റവുമായി സംയോജിപ്പിച്ച് RTK (Real Time Kinematic), RTS (Robotic / Reflectorless Total Station) എന്നീ ഉപകരണങ്ങളാണ് ഉപയോഗിച്ചുവരുന്നത്. ഈ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സവിശേഷതകളും ഉപയോഗിക്കുന്നതിലെ പ്രയോജനങ്ങളും സംബന്ധിച്ച വിശദ വിവരം അനുബന്ധം 2ആയി ചേർത്തിരിക്കുന്നു. |
| (സി) | സർവേ പൂർത്തിയാകുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നൽകുന്ന പ്രോപ്പർട്ടി കാർഡിന്റെ സവിശേഷതകൾ അറിയിക്കാമോ; | (സി) | നക്ഷ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനിരുന്ന ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് എന്ന ആശയം, ലാൻഡ് റവന്യൂ വകുപ്പിന്റെയും സർവ്വെയും ഭൂരേഖയും വകുപ്പിന്റെയും വിശദാംശങ്ങൾ സംയോജിപ്പിച്ചുകൊണ്ട് "ഡിജിറ്റൽ റവന്യൂ കാർഡ്" എന്ന പേരിൽ ഏകീകൃത കാർഡ് നടപ്പിലാക്കുവാൻ റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.<br><br>"എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയുടെ ഭൂസംബന്ധവും വ്യക്തി സംബന്ധവുമായ വിവരങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ സ്മാർട്ട് ആയ ഡിജിറ്റൽ റവന്യ കാർഡ് എന്ന സമഗ്രമായ സംവിധാനം ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിച്ച് റവന്യൂ രേഖകളുടെ ഭാഗമാക്കിയ വില്ലേജുകളിലാണ് |

ഈ കാർഡ് നൽകുന്നതിനുള്ള നടപടി ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവെ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനത് ലാൻഡ് പാർസൽ ഐ.ഡി. (Unique Land Parcel ID) നൽകുകയും, ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ ഡി ഉപയോഗപ്പെടുത്തി 10 ഡിജിറ്റ് വരുന്ന യൂണീക്ക് നമ്പരിലൂടെ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാകത്തക്ക വിധമാണ് ഡിജിറ്റൽ റവന്യ കാർഡ് തയ്യാറാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഒരു വ്യക്തിക്ക് അനുവദിക്കപ്പെടുന്ന എല്ലാ സാക്ഷ്യപത്രങ്ങളും പ്രസ്തുത വ്യക്തിയുടെ പേരിലുള്ളതും കൂട്ടായ പേരിലുള്ള വസ്തുവിന്റെ ഒഴിമുറി അവകാശവും ഉൾപ്പെടെയുള്ള ഭൂ വിവരങ്ങളും കാർഡിൽ രേഖപ്പെടുത്തുന്ന യുണീക്ക് നമ്പർ മുഖേന ലഭ്യമാകും. ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോഴോ പഠനാവശ്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോഴോ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിന് പകരം ഫോറങ്ങളിൽ യുണീക്ക് നമ്പർ രേഖപ്പെടുത്തിയാൽ മതിയാകും. സേവന ദാതാവ് ഈ യുണീക്ക് നമ്പരിൽ ക്ലിക്ക് ചെയ്യുന്നതിലൂടെ റവന്യൂ വകുപ്പിന്റെ പ്രത്യേക പോർട്ടലിലൂടെ അപേക്ഷകന്റെ വിവരങ്ങൾ ലഭ്യമാകും. ഓരോ സാക്ഷ്യപത്രങ്ങളുടെയും കാലാവധി കഴിയുന്ന മുറയ്ക്ക് പൗരന്റെ മോബൈലിലേക്ക് ലഭിക്കുന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകി സാക്ഷ്യപത്രങ്ങളുടെ കാലാവധി പുതുക്കേണ്ടതാണ്.

**നേട്ടങ്ങൾ**

1. സാക്ഷ്യ പത്രങ്ങൾക്ക് വേണ്ടി നിരവധി തവണ വില്ലേജ് കയറിയിറങ്ങേണ്ട.

2. വ്യക്തിയെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ലഭ്യമാകുമെന്നതിനാൽ രേഖകളുടെ അഭാവത്തിൽ നിരസിക്കുന്ന സാഹചര്യം ഒഴിവാകും.

3. വ്യാജ സാക്ഷ്യപത്രങ്ങൾ ഹാജരാക്കപ്പെടുന്നത് ഒഴിവാകും.

4. സാക്ഷ്യപത്രങ്ങൾ നഷ്ടപ്പെട്ടു പോകുന്നത് ഒഴിവാക്കാം.

5. വസ്തുതകൾ മറച്ചു അനർഹർ ആനുകൂല്യം കൈപ്പറ്റുന്നത് തടയാം.

6. കടലാസ് രഹിത ഭരണ സംവിധാനത്തിന് കൂടുതൽ സഹായകരം.

| | | | |
|---|---|---|---|
| | | | 7. ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എളുപ്പത്തിലാകും.<br><br>8. കോടതികളിൽ ജാമ്യത്തിനായി വ്യാജ കരം രസീതുകൾ ഹാജരാക്കുന്നത് തടയാം.<br><br>പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ടി പദ്ധതിയ്ക്കായുള്ള ഡൊമൈൻ ഐ.ഡി വഴി ഡിജിറ്റൽ റവന്യൂ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) | ഡിജിറ്റൽ സർവേയിലെ പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (ഡി) | എന്റെ ഭൂമി ഇന്റഗ്രേറ്റഡ് പോർട്ടൽ വഴി റവന്യൂ, രജിസ്ട്രേഷൻ, സർവെ എന്നീ വകുപ്പുകളിലെ ഭൂവിവരങ്ങൾ ഒരേ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുന്നതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തീർണ്ണം, അതിരുകൾ എന്നീ ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സഹായകമാണ്. സർവെ മാപ്പുകളും ബ്ലോക്ക്-സർവെ നമ്പറുകളും ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകുന്നതിനാൽ അതിരുകൾ സംബന്ധിച്ച തർക്കങ്ങൾ വ്യക്തമായി പരിഹരിക്കാം. ഓൺലൈനിൽ നേരിട്ട് പരാതിയും തിരുത്തലിനുള്ള അപേക്ഷയും നൽകാനുള്ള സംവിധാനം ലഭ്യമാണ്. ഡിജിറ്റൽ സർവെ സമയത്തുണ്ടാകുന്ന പരാതികൾ ജനറൽ കംപ്ലയിന്റ് (GC), ഒറിജിനൽ ലാൻഡ് കംപ്ലയിന്റ് (OLC), അപ്പീൽ ലാൻഡ് കംപ്ലയിൻറ്റ് (ALC) എന്നിങ്ങനെ തരം തിരിച്ചിട്ടുള്ളതും, റെക്കോർഡ് തയ്യാറാക്കുന്നതിന്റെ ഓരോ ഘട്ടവും, റെക്കോർഡ് അന്തിമമാക്കിയതിനു ശേഷം പോലും പൊതു ജനത്തിന്റെ ഭൂരേഖ സംബന്ധമായ പരാതികൾ പരിഹരിച്ച് ഏറ്റവും സുതാര്യമായ ലാൻഡ് റെക്കോർഡ് ലഭ്യമാക്കുവാൻ ഓൺലൈൻ പോർട്ടൽ സഹായകമാണ്. രജിസ്ട്രേഷൻ കഴിഞ്ഞ ഉടനെ ഉടമസ്ഥാവകാശ ഡാറ്റ പോർട്ടലിൽ പുതുക്കുന്നതിനാൽ "ഡ്യൂപ്ലിക്കേറ്റ് ക്ലെയിം" പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും. ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഒരേ പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നതിനാൽ പൊതുജനങ്ങൾക്ക് പല ഓഫീസുകളിലും പോകേണ്ട സാഹചര്യം ഒഴിവാകും. തർക്കപരിഹാര നടപടികൾ വേഗത്തിലും കാര്യക്ഷമമായും നടത്താൻ കഴിയുന്നതാണ്.<br><br>ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ അതിർത്തി, വിസ്തീർണം, സർവെ നമ്പർ തുടങ്ങിയവ സംബന്ധിച്ച് ഉയർന്നുവരുന്ന പരാതികളും, LRM (Land Records Management) സംബന്ധമായ അപേക്ഷകളും പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | 'എന്റെ ഭൂമി' പോർട്ടൽ വഴി ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവേ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാനത്ത് ഭൂമീ രേഖകൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഡിജിറ്റൽ റീസർവെ (Digital Resurvey) പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ലക്ഷ്യം സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലെയും ഭൂമി സർവെ രേഖകൾ Integrated Land Information Management System (ILIMS) മുഖേന ഏകീകൃത ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുകയാണ്. നിലവിൽ 123 വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തിയായി സെക്ഷൻ (13) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡ്രാഫ്റ്റ് മാപ്പ് പ്രസിദ്ധീകരണത്തിന് ശേഷം പൊതുജനങ്ങൾക്ക് പരാതികളും ആക്ഷേപങ്ങളും സമർപ്പിക്കാനുള്ള അവസരം നൽകുന്നുണ്ട്.സർക്കാർ സംസ്ഥാനത്തെ ഡിജിറ്റൽ സർവെ വളരെ വേഗം പൂർത്തിയാക്കുക എന്ന ലക്ഷ്യമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ, പ്രാദേശിക സാഹചര്യങ്ങൾ, കാലാവസ്ഥാവ്യതിയാനങ്ങൾ, സാങ്കേതിക വെല്ലുവിളികൾ, പൊതുജന പരാതികൾ പരിഹരിക്കേണ്ടതായുള്ള സാഹചര്യം, വസ്തു സംബന്ധിച്ച കോടതി ഇടപെടൽ എന്നിവ കാരണം പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടായേക്കാം. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| 13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച വില്ലേജുകളുടെ വിവരം | | | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **ജില്ല** | **താലൂക്ക്** | **വില്ലേജ്** | **ഘട്ടം** | **13 പ്രസിദ്ധീകരിച്ച തീയതി** |
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | മേൽത്തോന്നയ്ക്കൽ | 1 | 07-10-2025 |
| 2 | തിരുവനന്തപുരം | തിരുവനന്തപുരം | വെയിലൂർ | 1 | 07-10-2025 |
| 3 | തിരുവനന്തപുരം | ചിറയിൻകീഴ് | കീഴാറ്റിങ്ങൽ | 1 | 07-10-2025 |
| 4 | തിരുവനന്തപുരം | നെയ്യാറ്റിൻകര | പരശുവയ്ക്കൽ | 1 | 07-10-2025 |
| 5 | തിരുവനന്തപുരം | വർക്കല | ഒറ്റൂർ | 1 | 21-10-2025 |
| 6 | തിരുവനന്തപുരം | നെടുമങ്ങാട് | തേക്കട | 1 | 21-10-2025 |
| 7 | തിരുവനന്തപുരം | തിരുവനന്തപുരം | അണ്ടൂർക്കോണം | 1 | 16-12-2025 |
| 8 | തിരുവനന്തപുരം | തിരുവനന്തപുരം | പള്ളിപ്പുറം | 1 | 16-12-2025 |
| 9 | തിരുവനന്തപുരം | വർക്കല | ചെറുന്നിയൂർ | 1 | 16-12-2025 |
| 10 | തിരുവനന്തപുരം | നെയ്യാറ്റിൻകര | കാഞ്ഞിരംകുളം | 1 | 16-12-2025 |
| 11 | തിരുവനന്തപുരം | തിരുവനന്തപുരം | കീഴ് തോന്നയ്ക്കൽ | 1 | 30-12-2025 |
| 12 | തിരുവനന്തപുരം | ചിറയിൻകീഴ് | മുദാക്കൽ | 1 | 30-12-2025 |
| 13 | തിരുവനന്തപുരം | തിരുവനന്തപുരം | കഠിനംകുളം | 2 | 20-01-2026 |
| 14 | തിരുവനന്തപുരം | നെടുമങ്ങാട് | കരകുളം | 1 | 27-01-2026 |
| 15 | തിരുവനന്തപുരം | കാട്ടാക്കട | മലയിൻകീഴ് | 1 | 27-01-2026 |
| 16 | കൊല്ലം | കൊല്ലം | മങ്ങാട് | 1 | 03-06-2025 |
| 17 | കൊല്ലം | കരുനാഗപ്പള്ളി | കുലശേഖരപുരം | 1 | 07-10-2025 |
| 18 | കൊല്ലം | കൊല്ലം | കിളികൊല്ലൂർ | 1 | 14-10-2025 |
| 19 | കൊല്ലം | കരുനാഗപ്പള്ളി | കല്ലേലിഭാഗം | 1 | 16-12-2025 |
| 20 | കൊല്ലം | പത്തനാപുരം | വിളക്കുടി | 1 | 16-12-2025 |

| | | | | | |
|---|---|---|---|---|---|
| 21 | കൊല്ലം | പുനലൂർ | ഇടമൺ | 1 | 06-01-2026 |
| 22 | കൊല്ലം | കൊല്ലം | മീനാട് | 2 | 20-01-2026 |
| 23 | പത്തനംതിട്ട | മല്ലപ്പള്ളി | പെരുമ്പെട്ടി | 2 | 26-08-2025 |
| 24 | പത്തനംതിട്ട | കോന്നി | വള്ളിക്കോട് | 1 | 30-09-2025 |
| 25 | പത്തനംതിട്ട | കോന്നി | പ്രമാടം | 1 | 21-10-2025 |
| 26 | പത്തനംതിട്ട | കോഴഞ്ചേരി | ഓമല്ലൂർ | 1 | 21-10-2025 |
| 27 | പത്തനംതിട്ട | റാന്നി | പഴവങ്ങാടി | 1 | 16-12-2025 |
| 28 | പത്തനംതിട്ട | കോഴഞ്ചേരി | മൈലപ്ര | 1 | 16-12-2025 |
| 29 | പത്തനംതിട്ട | കോഴഞ്ചേരി | കോഴഞ്ചേരി | 1 | 16-12-2025 |
| 30 | പത്തനംതിട്ട | റാന്നി | അങ്ങാടി | 2 | 20-01-2026 |
| 31 | പത്തനംതിട്ട | കോഴഞ്ചേരി | ഇലന്തൂർ | 1 | 27-01-2026 |
| 32 | പത്തനംതിട്ട | അടൂർ | ഏഴംകുളം | 2 | 27-01-2026 |
| 33 | ആലപ്പുഴ | ചേർത്തല | പട്ടണക്കാട് | 1 | 14-10-2025 |
| 34 | ആലപ്പുഴ | അമ്പലപ്പുഴ | അമ്പലപ്പുഴ | 2 | 21-10-2025 |
| 35 | ആലപ്പുഴ | ചേർത്തല | കുത്തിയതോട് | 1 | 16-12-2025 |
| 36 | ആലപ്പുഴ | ചേർത്തല | കടക്കരപ്പള്ളി | 1 | 16-12-2025 |
| 37 | ആലപ്പുഴ | ചെങ്ങന്നൂർ | മാന്നാർ | 2 | 06-01-2026 |
| 38 | ആലപ്പുഴ | ചേർത്തല | എഴുപുന്ന | 1 | 13-01-2026 |
| 39 | കോട്ടയം | വൈക്കം | ഉദയനാപുരം | 1 | 30-09-2025 |
| 40 | കോട്ടയം | ചങ്ങനാശ്ശേരി | തോട്ടക്കാട് | 2 | 07-10-2025 |
| 41 | കോട്ടയം | ചങ്ങനാശ്ശേരി | പായിപ്പാട് | 2 | 14-10-2025 |
| 42 | കോട്ടയം | വൈക്കം | വെള്ളൂർ | 1 | 21-10-2025 |
| 43 | കോട്ടയം | മീനച്ചിൽ | കുറവിലങ്ങാട് | 2 | 16-12-2025 |
| 44 | കോട്ടയം | കാഞ്ഞിരപ്പള്ളി | എലിക്കുളം | 2 | 16-12-2025 |

| | | | | | |
|---|---|---|---|---|---|
| 45 | കോട്ടയം | കാഞ്ഞിരപ്പള്ളി | ചെറുവള്ളി | 2 | 16-12-2025 |
| 46 | കോട്ടയം | കോട്ടയം | വേളൂർ | 2 | 30-12-2025 |
| 47 | കോട്ടയം | വൈക്കം | കല്ലറ | 1 | 06-01-2026 |
| 48 | കോട്ടയം | വൈക്കം | കുലശേഖരമംഗലം | 1 | 09-01-2026 |
| 49 | കോട്ടയം | വൈക്കം | തലയാഴം | 1 | 16-01-2026 |
| 50 | കോട്ടയം | വൈക്കം | ടി.വി.പുരം | 2 | 27-01-2026 |
| 51 | കോട്ടയം | മീനച്ചിൽ | പൂഞ്ഞാർ നടുഭാഗം | 2 | 27-01-2026 |
| 52 | ഇടുക്കി | ഉടുമ്പൻചോല | ചതുരംഗപ്പാറ | 1 | 21-10-2025 |
| 53 | ഇടുക്കി | ദേവികുളം | ബൈസൺ വാലി | 1 | 17-01-2026 |
| 54 | എറണാകുളം | കണയന്നൂർ | തിരുവാങ്കുളം | 1 | 07-10-2025 |
| 55 | എറണാകുളം | കണയന്നൂർ | ആമ്പല്ലൂർ കണയന്നൂർ | 1 | 07-10-2025 |
| 56 | എറണാകുളം | മൂവാറ്റുപുഴ | രാമമംഗലം | 1 | 21-10-2025 |
| 57 | എറണാകുളം | കണയന്നൂർ | കണയന്നൂർ | 1 | 16-12-2025 |
| 58 | എറണാകുളം | കൊച്ചി | തോപ്പുംപടി | 1 | 16-12-2025 |
| 59 | എറണാകുളം | മൂവാറ്റുപുഴ | മണീട് | 1 | 30-12-2025 |
| 60 | എറണാകുളം | കൊച്ചി | ഇടക്കൊച്ചി | 1 | 06-01-2026 |
| 61 | എറണാകുളം | കണയന്നൂർ | തെക്കുംഭാഗം കണയന്നൂർ | 2 | 22-01-2026 |
| 62 | എറണാകുളം | ആലുവ | മാട്ടൂർ | 2 | 27-01-2026 |
| 63 | തൃശ്ശൂർ | തൃശ്ശൂർ | കിഴക്കുമുറി | 1 | 30-09-2025 |
| 64 | തൃശ്ശൂർ | തൃശ്ശൂർ | ആലപ്പാട്ട് | 1 | 07-10-2025 |
| 65 | തൃശ്ശൂർ | തലപ്പള്ളി | കോട്ടപ്പുറം | 1 | 07-10-2025 |
| 66 | തൃശ്ശൂർ | തൃശ്ശൂർ | ചാഴൂർ | 1 | 14-10-2025 |
| 67 | തൃശ്ശൂർ | തൃശ്ശൂർ | ചൂർക്കൻചേരി | 1 | 14-10-2025 |
| 68 | തൃശ്ശൂർ | തൃശ്ശൂർ | കിഴുപ്പള്ളിക്കര | 1 | 14-10-2025 |

| | | | | | |
|---|---|---|---|---|---|
| 69 | തൃശ്ശൂർ | തൃശ്ശൂർ | ഇഞ്ചമുടി | 1 | 21-10-2025 |
| 70 | തൃശ്ശൂർ | തലപ്പള്ളി | പഞ്ഞാൾ | 2 | 21-10-2025 |
| 71 | തൃശ്ശൂർ | തൃശ്ശൂർ | വടക്കുമുറി | 1 | 16-12-2025 |
| 72 | തൃശ്ശൂർ | തലപ്പള്ളി | ചിറ്റണ്ട | 1 | 16-12-2025 |
| 73 | തൃശ്ശൂർ | ചാലക്കുടി | പോട്ട | 2 | 06-01-2026 |
| 74 | തൃശ്ശൂർ | തൃശ്ശൂർ | കാരമുക്ക് | 1 | 06-01-2026 |
| 75 | തൃശ്ശൂർ | കുന്നംകുളം | തയ്യൂർ | 1 | 13-01-2026 |
| 76 | തൃശ്ശൂർ | തൃശ്ശൂർ | പോടിയം | 1 | 20-01-2026 |
| 77 | പാലക്കാട് | മണ്ണാർക്കാട് | തച്ചനാട്ടുകര II | 1 | 14-10-2025 |
| 78 | പാലക്കാട് | പട്ടാമ്പി | തിരുമിറ്റക്കോട് II | 1 | 21-10-2025 |
| 79 | പാലക്കാട് | മണ്ണാർക്കാട് | അലനല്ലൂർ-II | 1 | 17-12-2025 |
| 80 | പാലക്കാട് | പട്ടാമ്പി | തൃത്താല | 1 | 23-12-2025 |
| 81 | പാലക്കാട് | പട്ടാമ്പി | തിരുമിറ്റക്കോട് I | 1 | 30-12-2025 |
| 82 | പാലക്കാട് | പട്ടാമ്പി | കപ്പൂർ | 1 | 06-01-2026 |
| 83 | പാലക്കാട് | ചിറ്റൂർ | നെന്മാറ | 2 | 06-01-2026 |
| 84 | പാലക്കാട് | പാലക്കാട് | കോങ്ങാട് -1 | 2 | 17-01-2026 |
| 85 | പാലക്കാട് | ഒറ്റപ്പാലം | വാണിയം കുളം -1 | 2 | 23-01-2026 |
| 86 | മലപ്പുറം | തിരൂർ | അനന്താവൂർ | 1 | 23-09-2025 |
| 87 | മലപ്പുറം | പെരിന്തൽമണ്ണ | കുറുവമ്പലം | 1 | 14-10-2025 |
| 88 | മലപ്പുറം | തിരൂർ | പൊൻമുണ്ടം | 1 | 14-10-2025 |
| 89 | മലപ്പുറം | തിരൂർ | ആതവനാട് | 1 | 21-10-2025 |
| 90 | മലപ്പുറം | തിരൂർ | പെരുമണ്ണ | 1 | 16-12-2025 |
| 91 | മലപ്പുറം | തിരൂർ | നടുവട്ടം | 1 | 23-12-2025 |
| 92 | മലപ്പുറം | ഏറനാട് | മലപ്പുറം | 1 | 30-12-2025 |

| | | | | | |
|---|---|---|---|---|---|
| 93 | മലപ്പുറം | തിരൂർ | ചെറിയമുണ്ടം | 1 | 06-01-2026 |
| 94 | മലപ്പുറം | തിരൂർ | മറക്കര | 1 | 27-01-2026 |
| 95 | കോഴിക്കോട് | കൊയ്‌ലാണ്ടി | ഉറയൂർ | 1 | 14-10-2025 |
| 96 | കോഴിക്കോട് | വടക്കര | ഉണേരി | 1 | 21-10-2025 |
| 97 | കോഴിക്കോട് | കൊയ്‌ലാൻഡ് | ചെറുവണ്ണൂർ | 1 | 16-12-2025 |
| 98 | കോഴിക്കോട് | കൊയിലാണ്ടി | തിക്കോടി | 1 | 16-12-2025 |
| 99 | കോഴിക്കോട് | താമരശ്ശേരി | വാവാട് | 2 | 06-01-2026 |
| 100 | കോഴിക്കോട് | കൊയിലാണ്ടി | കുത്താളി | 2 | 13-01-2026 |
| 101 | കോഴിക്കോട് | കോഴിക്കോട് | കരുവന്തുരുത്തി | 2 | 20-01-2026 |
| 102 | വയനാട് | മാനന്തവാടി | നല്ലൂർനാട് | 1 | 14-10-2025 |
| 103 | വയനാട് | സുൽത്താൻബത്തേരി | പൂതാടി | 2 | 16-12-2025 |
| 104 | വയനാട് | വൈത്തിരി | അച്ചൂരാനം | 2 | 16-01-2026 |
| 105 | കണ്ണൂർ | കണ്ണൂർ | കണ്ണൂർ II | 1 | 14-10-2025 |
| 106 | കണ്ണൂർ | ഇരിട്ടി | കണിച്ചാർ | 1 | 21-10-2025 |
| 107 | കണ്ണൂർ | കണ്ണൂർ | വളപട്ടണം | 1 | 21-10-2025 |
| 108 | കണ്ണൂർ | തലശ്ശേരി | ധർമ്മടം | 2 | 16-12-2025 |
| 109 | കണ്ണൂർ | തലശ്ശേരി | കോട്ടയം | 1 | 30-12-2025 |
| 110 | കണ്ണൂർ | കണ്ണൂർ | വലിയന്നൂർ | 2 | 06-01-2026 |
| 111 | കണ്ണൂർ | കണ്ണൂർ | അഴിക്കോട് സൗത്ത് | 1 | 13-01-2026 |
| 112 | കണ്ണൂർ | കണ്ണൂർ | പള്ളിക്കുന്ന് | 1 | 20-01-2026 |
| 113 | കാസർഗോഡ് | മഞ്ചേശ്വരം | ഉജാർ ഉൾവാർ | 1 | 17-10-2024 |
| 114 | കാസർഗോഡ് | കാസർഗോഡ് | തളങ്കര | 1 | 07-10-2025 |
| 115 | കാസർഗോഡ് | മഞ്ചേശ്വരം | ബംബ്രാണ | 1 | 09-10-2025 |
| 116 | കാസർഗോഡ് | മഞ്ചേശ്വരം | ഹൊസബെട്ടു | 1 | 14-10-2025 |

| | | | | | |
|---|---|---|---|---|---|
| 117 | കാസർഗോഡ് | കാസർഗോഡ് | അട്ടുക്കത്ത്ബയൽ | 1 | 17-10-2025 |
| 118 | കാസർഗോഡ് | കാസർകോട് | കളനാട് | 1 | 16-12-2025 |
| 119 | കാസർഗോഡ് | മഞ്ചേശ്വരം | ബംഗര മഞ്ചേശ്വരം | 1 | 16-12-2025 |
| 120 | കാസർഗോഡ് | മഞ്ചേശ്വരം | അരിക്കാടി | 1 | 16-12-2025 |
| 121 | കാസർഗോഡ് | മഞ്ചേശ്വരം | ബേക്കൂർ | 2 | 07-01-2026 |
| 122 | കാസർഗോഡ് | കാസർഗോഡ് | കുംബന്നൂർ | 3 | 07-01-2026 |
| 123 | കാസർഗോഡ് | മഞ്ചേശ്വരം | ബഡാജെ | 1 | 27-01-2026 |

**അനുബന്ധം -2**

## കേരളത്തിൽ CORS സിസ്റ്റവുമായി സംയോജിപ്പിച്ച RTK-RTS ഉപകരണങ്ങളുടെ ഉപയോഗങ്ങൾ

1. **ഉയർന്ന കൃത്യതയിലുള്ള ഭൂമി അതിർത്തി നിർണയം**

CORS സിസ്റ്റത്തിൽ നിന്നുള്ള റിയൽ-ടൈം കറക്ഷൻ ഡാറ്റ ഉപയോഗിക്കുന്ന RTK സാങ്കേതിക വിദ്യയിലൂടെ സെന്റിമീറ്റർ തലത്തിലുള്ള കൃത്യതയിൽ ഭൂമിയുടെ അതിർത്തികളും സർവെ പോയിൻ്റുകളും നിർണയിക്കാൻ സാധിക്കുന്നു.

2. **സംസ്ഥാനവ്യാപകമായ കോർഡിനേറ്റ് റഫറൻസ് ഏകീകൃത സംവിധാനം**

സ്ഥിരമായി സ്ഥാപിച്ചിരിക്കുന്ന CORS സ്റ്റേഷനുകളെ അടിസ്ഥാനമാക്കി സംസ്ഥാനത്തുടനീളം എല്ലാ സർവെ അളവുകളും ഒരേ ജിയോടെറ്റിക് റഫറൻസ് സംവിധാനത്തിൽ ബന്ധിപ്പിക്കപ്പെടുന്നു. ഇതുവഴി വില്ലേജ്, താലൂക്ക്, ജില്ലാ തലങ്ങളിലെ സർവെ ഡാറ്റയിൽ ഏകീകരണം ഉറപ്പാക്കുന്നു.

3. **പരമ്പരാഗത നിയന്ത്രണ പോയിന്റ് സ്ഥാപിക്കൽ ഒഴിവാക്കൽ**

CORS-RTK സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ, പരമ്പരാഗത ട്രയാംഗുലേഷൻ, ട്രാവേഴ്സ് എന്നിവയുടെ ആവശ്യം വലിയ തോതിൽ ഒഴിവാക്കാൻ സാധിക്കുന്നു. ഇതുവഴി സമയം, മനുഷ്യവിഭവശേഷി, ചെലവ് എന്നിവ ലാഭിക്കപ്പെടുന്നു.

4. **GNSS സിഗ്നൽ ലഭ്യമാകാത്ത പ്രദേശങ്ങളിൽ RTS ഉപയോഗം**

കെട്ടിട സാന്ദ്രതയുള്ള പ്രദേശങ്ങൾ, കാടുകൾ, ഇടുങ്ങിയ പ്ലോട്ടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ GNSS സിഗ്നൽ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ RTK വഴി സ്ഥാപിച്ച നിയന്ത്രണ പോയിന്റുകൾ RTS ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യമായി ട്രാൻസ്ഫർചെയ്ത് സർവെ നടത്തുന്നു.

5. **വേഗതയേറിയ ഫീൽഡ് സർവെ പ്രവർത്തനങ്ങൾ**

CORS സിസ്റ്റവുമായി റിയൽ ടൈം കണക്ടിവിറ്റിയുള്ളതിനാൽ പോസ്റ്റ്-പ്രോസസ്സിംഗ് ആവശ്യമില്ലാതെ ഫീൽഡിൽ തന്നെ കോർഡിനേറ്റുകൾ ലഭ്യമാക്കാൻ സാധിക്കുന്നു. ഇതുവഴി സർവെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നു.

6. **ഡിജിറ്റൽ മാപ്പിംഗ് & GIS സംവിധാനങ്ങളുമായി സംയോജനം**

RTK-RTS ഉപകരണങ്ങൾ വഴി ശേഖരിക്കുന്ന ഡാറ്റ GIS സോഫ്റ്റ്‌വെയറുകളുമായി നേരിട്ട് സംയോജിപ്പിക്കാവുന്നതാണ്. ഇതിലൂടെ ഡിജിറ്റൽ കാഡസ്ട്രൽ മാപ്പുകൾ, പ്രോപ്പർട്ടി കാർഡുകൾ, ഭൂവിവര ഡാറ്റാബേസുകൾ എന്നിവ കൃത്യമായി തയ്യാറാക്കാൻ സാധിക്കുന്നു.

7. **ഭൂവരവു ഭരണ സംവിധാനങ്ങൾക്ക് പിന്തുണ**

കൃത്യമായ സ്ഥലംവിവര ഡാറ്റ ലഭ്യമാകുന്നതിനാൽ ഭൂമി രേഖകളുടെ നവീകരണം, അതിർത്തി തർക്ക പരിഹാരം, സർവെ സംബന്ധമായ പരാതികളുടെ പരിഹാരം എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കാൻ സാധിക്കുന്നു.

8. **ഭാവിമുഖിയായ ജിയോസ്പേഷ്യൽ അടിസ്ഥാനസൗകര്യം**

CORS-RTK-RTS സംവിധാനങ്ങൾ സംസ്ഥാനത്തിന് സ്ഥിരതയുള്ള ഒരു ജിയോസ്പേഷ്യൽ അടിസ്ഥാനസൗകര്യം സൃഷ്ടിക്കുന്നു. ഇത് ഭാവിയിൽ അടിസ്ഥാനസൗകര്യ വികസനം, നഗര പദ്ധതി നിർമാണം, ദുരന്തനിവാരണം, സ്മാർട്ട് ഗവണൻസ് എന്നിവയ്ക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

CORS സിസ്റ്റവുമായി സംയോജിപ്പിച്ച RTK-RTS ഉപകരണങ്ങളുടെ ഉപയോഗം മൂലം കേരളത്തിൽ ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ കൂടുതൽ കൃത്യവും വേഗതയേറിയതും ഏകീകൃതവുമായ രീതിയിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി ഭൂവിവരങ്ങളുടെ വിശ്വാസ്യത വർദ്ധിക്കുകയും സംസ്ഥാനത്തെ ഭൂവരവു ഭരണ സംവിധാനം ശക്തിപ്പെടുകയും ചെയ്യുന്നു.